marggam
Digital Library of Christianity in India
www.marggam.com

# കേരളത്തിലെ ശില്പങ്ങൾ

പ്രൊ: ജോർജ് മേനാശ്ശേരി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# കേരളത്തിലെ ശില്പങ്ങൾ.

പ്രൊ: ജോർജ് മേനാശ്ശേരി

പ്രധാനമായും കേരളീയ ശില്പകലയേയും അതിന്റെ ഉത്ഭവത്തേയും കുറിച്ചുള്ള ചിന്തകളാണ് ഈ പ്രബന്ധത്തിലുള്ളത്. കൂടാതെ, പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെയുള്ള എടുത്തു പറയാവുന്ന കേരളീയ ശില്പങ്ങളിൽ പലതും പരിഗണിക്കാനും ഇതിൽ ശ്രമിച്ചിട്ടുണ്ട്.

ത്രിമാനകലയായ കൊത്തുപണി ''സ്പർശന-ശൂന്യസ്ഥല'' പ്രധാനമാണെങ്കിൽ ദ്വിമാന ചിത്രകല ''കാഴ്ചശൂന്യസ്ഥല'' പ്രധാനമാണ്. ശില്പവിദ്യ എന്നതിന്ന് കൊത്തുപണിയും വാസ്തുവിദ്യയും സംബന്ധിച്ച വിദ്യ എന്നാണ് ''ശബ്ദതാരാവലി'' വിവരണം നൽകുന്നത്. വാസ്തുശില്പവും കൊത്തുപണിയും തമ്മിലുള്ള അഭേദ്യമായ ബന്ധം എല്ലാ രാജ്യങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും കേരളത്തിൽ പ്രത്യേകിച്ചും വാസ്തുശില്പത്തിൽനിന്ന് വേറിട്ട് കൊത്തുപണിയെ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ചുട്ടെടുത്ത കളിമണ്ണ്, വെങ്കലം, ശില, മരം, ആനക്കൊമ്പ് തുടങ്ങിയവകൊണ്ടുള്ള ശില്പങ്ങളെയെല്ലാം ''സ്കൾപ്ചർ'' എന്നു പറയാറുണ്ടെങ്കിലും ശിലാശില്പങ്ങളാണ് ഇവിടെ പ്രധാനമായും ചർച്ചചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ദാരു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദന്ത, ലോഹസൃഷ്ടികളെ പൂർണ്ണമായി നീക്കി നിർത്താനും കഴിഞ്ഞിട്ടില്ല

കേരളീയ ശില്പശാസ്ത്രത്തിൻെറ ഉത്ഭവവും വളർച്ചയും സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ വളരെയേറെ ഉണ്ടായിട്ടുണ്ടെന്നും പറയുകവയ്യ. ഉണ്ടായിട്ടുള്ള പഠനങ്ങളാകട്ടെ കേരളീയ പൈതൃകത്തിലെ പല പ്രധാന സരണികളോടും, അജ്ഞതകൊണ്ടാകട്ടെ, ദുഷ്പ്രാപ്യത കൊണ്ടാകട്ടെ മറേറതെങ്കിലും കാരണംകൊണ്ടാകട്ടെ വേണ്ടത്ര നീതി പുലർത്താതെയുമിരിയ്ക്കുന്നു.

ഇൻഡ്യയിൽ കൊത്തുപണിയുടെ ആരംഭത്തെക്കുറിച്ച് ചിന്തോദ്ദീപകങ്ങളായ ഒന്നു രണ്ടു കാര്യങ്ങൾ പരിശോധിക്കാം. ജെയിംസ് ഫെർഗ്ഗുസൺ പറയുന്നത് ആദ്യം ആര്യന്മാർ കലാവാസനയില്ലാത്ത ഒരു കൂട്ടമായിരുന്നു. എന്നാണ് രണ്ടു സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ദ്രാവിഡ ക്ഷേത്രങ്ങളൊ, ആര്യക്ഷേത്രങ്ങളോ ഇൻഡ്യയിൽ കണ്ടെത്തിയിട്ടില്ല. തെക്കെ ഇന്ത്യയിൽ തെക്കേ ഇൻഡ്യക്കാരുടേതു മാത്രമായ ക്ഷേത്രങ്ങളും ശില്പങ്ങളും ക്രിസ്ത്വാബ്ദം ആരംഭിച്ച് ഏറെ നൂററാണ്ടുകൾക്കു ശേഷം മാണ് പ്രത്യക്ഷപ്പെടുന്നത്. ചേരന്മാർമാത്രം ഒരുപക്ഷെ വടക്കോട്ടു നീങ്ങുകയും എല്ലോറയിലെ കൈലാസം തുടങ്ങിയവയ്ക്കു രൂപം നൽകുകയും ചെയ്തിരിക്കാം. ഇന്ത്യയിൽ വിഗ്രഹാരാധന ഉടലെടുത്തത് അലക്സാണ്ടർക്കു ശേഷം ഉണ്ടായ ഗാന്ധാരരീതിയിൽ നിന്നാകാനാണ് സാദ്ധ്യത. കാരണം വേദങ്ങളിലും മനുവിലും വിഗ്രഹങ്ങളുടെ നിഴൽ പോലുമില്ല, ബുദ്ധ പ്രതിമകൾപോലും ക്രിസ്തുവർഷാരംഭത്തിനുശേഷമാണ് പ്രത്യക്ഷപ്പെടുന്നത്. അതും ഗ്രേക്കോ - പെഴ്സ്യൻ സ്വാധീനവലയത്തിൽ ഉദയംചെയ്ത ഗാന്ധാരമണ്ഡലത്തിൽ (ഫെർഗ്ഗുസൺ. 'ഇൻഡ്യൻ ആൻറ് ഈസ്റേറൺ ആർക്കിടെക്ചർ' 49, 31, 32, 183 )

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദക്ഷിണേന്ത്യയിൽ ( തോണ്ടമണ്ഡലം, ചോള മണ്ഡലം, പാണ്ഡിമണ്ഡലം, കൊങ്ങ് – ചേരനാട്) ആകെ നോക്കിയാൽ ഹൈന്ദവ ആരാധനാവിഷയങ്ങൾ ഏ ഡി. എട്ടാം നൂററാണ്ടോടുകൂടി മാത്രമാണ് വ്യക്തമായും പ്രചാരത്തിൽവരുന്നുള്ളു എന്ന് കാണാം. കേരളത്തിലാകട്ടെ പത്താം നൂററാണ്ടിനുമുമ്പുള്ളവയിൽ അവിതർക്കിതമായെണ്ണാവുന്നവ വിരളമത്രെ. താഴെ കൊടുത്തിട്ടുള്ള കെ. പി. സൌന്ദരരാജൻെറ 1978 — ലെ പട്ടികയിൽ ഓരോ വിഷയവും ഏററവും ആദ്യം പ്രത്യക്ഷപ്പെടുന്ന നൂററാണ്ടുകളാണ് കാണിച്ചിരിക്കുന്നതു് അവസാനത്തെ കോളത്തിൽ സേലം - ധർമ്മപുരിവരെയുള്ള കൊങ്ങുനാടും, തെക്ക് വിഴിഞ്ഞം-തിരുനന്തിക്കര വരെയുള്ള പ്രദേശങ്ങളും ഉൾപ്പെടുന്നു. തിരുവനന്തപുരത്തിനു തെക്കോ, പശ്ചിമഘട്ടത്തിനു കിഴക്കോ ആണ് കൊങ്ങു_ചേരനാട്ടിലെ ഏററവുംപഴയ ഹൈന്ദവ ആരാധനാവിഷയങ്ങൾ കാണപ്പെടുന്നതെന്നതു് അർത്ഥവത്താണ്.

| വിഷയം | തോണ്ട മണ്ഡലം | ചോള മണ്ഡലം | പാണ്ഡി മണ്ഡലം | കൊങ്ങ് ചേരനാട് |
|---|---|---|---|---|
| അജ_ ഏകപാദ | 8_ാം നൂററാണ്ട് | 11_ാം നൂററാണ്ട് | 13-ാം നൂററാണ്ട് | |
| അനന്തശായി | 6 | 5 | 8 | 8 |
| അർദ്ധനാരി | 7 | 9 | 13 | 9_10 |
| ദക്ഷിണാമൂർത്തി | 7 | 9 | 9 | C-8 |
| ഗണേശൻ | 8 | 8 | 7 | C_8 |
| ഹരിഹരൻ | 8 | — | 8 | 11 |
| ജ്വരഹരേശ്വര | 10 | — | 9 | 13 |
| ജേഷ്ഠ | 8 | 9 | 8 | 11 |
| ലിംഗോത്ഭവ | 8 | 8 | 8 | 11നു ശേഷം |
| സപ്തമാത | 8 | 9 | 8 | 14 |
| ത്രിമൂർത്തി | 8 | — | 8 | 8 |

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കേരളത്തിലെ ഏററവും പുരാതനങ്ങളായ ''വാസ്തു ശില്പ''മാതൃകകരം കരിങ്കൽ തുരന്നെടുത്ത ഗുഹാ ക്ഷേത്രങ്ങളാണല്ലോ. പെരുമ്പാവൂരടുത്തുള്ള കല്ലിൽ (T.A.S. II II) കുഴിത്തറയ്ക്കടുത്തുള്ള ചിത്തറാം (T.A.S.I.XII) വടക്കാഞ്ചേരിയ്ക്കടുത്തുള്ള ഇരുനിലക്കോട്ട് (A. R. A. D. C. 1935 -36) തൃശ്ശൂരിന്നടുത്ത തൃക്കൂർ (76-മാർച്ച് 7-ാനു- ലേഖകൻ എക്സ്പ്രസ്സിലെഴുതിയ സചിത്രലേഖനം കാണുക), കവിയൂർ (T. A. S. V. I.) തിരുനന്തിക്കര (T. A S. III. II) ഇവയെല്ലാംതന്നെ 8—9 നൂററാണ്ടുകളിലെതാണെന്നു പറയാം. (ഡോ: എം. ജി. എസ്. നാരായണൻ, പി. എച്ച്. ഡി. തീസിസ്, പേജ് 579-580) സംവിധാനവും, തൂണുകളും, കൊത്തുപണികളുമെല്ലാം അവയുടെ പല്ലവ—പാണ്ഡ്യപാരമ്പര്യം വിളംബരം ചെയ്യുന്നുണ്ട്. കവിയൂരിലെ പ്രവേശന കവാടത്തിന്റെ ഇടതുഭാഗത്തുള്ള ഭിത്തിമാടത്തിലെ ''ലൈഫ് സൈസ്'' ദ്വാരപാലരൂപം തൃശ്ശിനാപ്പിള്ളി മഹേന്ദ്രവർമ്മൻ ഗുഹയിലെ ദ്വാരപാലന്റെ തൽസ്വരൂപമാണ്. (T. A. S. V. I. ), കൂടാതെ സി. ശിവരാമമൂർത്തി, **ഇൻഡ്യൻ സ്കൾപ്ചർ**. പേജ് 78.) വലതുഭാഗത്തെ നെഞ്ചത്ത് കൈ കെട്ടിനില്ക്കുന്ന രൂപത്തിന് പുതുക്കോട്ടയ്ക്കടുത്ത ശിവക്ഷേത്രത്തിലെ രൂപവുമായുള്ള സാദൃശ്യം സുനിശ്ചിതമാണെങ്കിലും ഈ കവിയൂർ നായകനാണ് ''ഭാവി തിരുവിതാംകൂർ പ്രതിമാശില്പത്തിന്റെ പടികാവല്ക്കാരൻ'' എന്നു പലരും വിശ്വസിക്കുന്നു. (സ്റെറല്ലാക്രാമീഷ്, **ദ്രാവിഡ ആൻഡ് കേരള**. പേജ് 27.)

കൊത്തുപണിയുടെ കാലനിർണ്ണയം എളുപ്പമല്ല, ഭിത്തിയിൽ കൊത്തിയ ശില്പങ്ങളുടെ കാലം തീരുമാനിക്കാൻ എടുപ്പിന്റെ കാലം സഹായിച്ചേക്കാം. എന്നാൽ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്നാൽ സ്വതന്ത്രനിർമ്മിതികളുടെ കാര്യത്തിൽ താരതമ്യപഠനത്തെ ആശ്രയിക്കേണ്ടി വരുന്നു. വിഗ്രഹങ്ങൾ പലപ്പോഴും എടുത്തുമാററുകയും പകരം വേറെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്തിരുന്നു. ആരാധനയ്ക്കുപയോഗിക്കുന്ന വിഗ്രഹങ്ങൾ സൂക്ഷിച്ചു നിരീക്ഷിക്കാൻ നേർവഴിക്കു് എല്ലാവർക്കും സാദ്ധ്യവുമല്ലല്ലോ. അതുകൊണ്ടു് പലപ്പോഴും മ്യൂസിയങ്ങളിലും ഉപേക്ഷിയ്ക്കപ്പെട്ട ക്ഷേത്രങ്ങളിലുമുള്ള വിഗ്രഹങ്ങളാണു് ഗവേഷണ വിധേയമാക്കിയിട്ടുള്ളതു്.

നാലു തളികളിൽപ്പെട്ട കൊടുങ്ങല്ലൂർ കീഴ്ത്തളി ക്ഷേത്രത്തിലെ ഗണേശവിഗ്രഹം 10-ാം നൂററാണ്ടിലേതാണു്. തിരുവഞ്ഞൂരിലെ ഗണേശൻ ഒമ്പതാം നൂററാണ്ടിലേതും. ശിവന്റെ ശിലാവിഗ്രഹങ്ങൾ ചേരകാലഘട്ടത്തിൽ അധികമില്ല-ലിംഗം ശില്പകലാപഠനത്തിൽ അധികം ഉപയോഗപ്പെടുന്നുമില്ല. തിരുവഞ്ചിക്കുളം, ഐരാണിക്കുളം ക്ഷേത്രങ്ങളിൽനിന്നുള്ള ശിവൻ, പാർവ്വതി, സുന്ദരമൂർത്തി, ചേരമാൻപെരുമാൾ ഇവരുടെ വെങ്കല പ്രതിമകൾ ആകർഷകങ്ങളത്രെ. വിഷ്ണുവിഗ്രഹങ്ങൾ എന്നാൽ, ധാരാളം കാണ്മാനുണ്ടു്. ചാലൂക്യ പല്ലവരീതികളുടെ സങ്കരങ്ങളാണു് ഇവയിൽ പലതും. അത്തരത്തിൽപ്പെട്ട കാർത്തികപ്പിള്ളി വിഗ്രഹം (തൃശ്ശൂർ പുരാവസ്തു മ്യൂസിയം) 10-ാം നൂററാണ്ടിലേതാണു്. പത്താം നൂററാണ്ടിലെ തൃച്ചമ്പരം. തൃപ്പാൻകോടു്, തലക്കൊളത്തൂർ തുടങ്ങിയ ക്ഷേത്രങ്ങളിൽ നിരവധി അംഗഭംഗം വന്ന വിഷ്ണുവിഗ്രഹങ്ങൾ കാണപ്പെടുന്നുണ്ടു്. 14-ാം നൂററാണ്ടിലെ നീണ്ടകര വിഷ്ണുവിഗ്രഹം സ്റ്റെല്ലാക്രാമിഷിന്റെ ഉയന്ന പ്രശംസ പിടിച്ചെടുക്കുന്നുണ്ടു്.

ഇത്തരത്തിൽ ''റൌണ്ടി''ലുള്ള ശില്പങ്ങൾക്കു പുറമെ ഭിത്തികളിലുള്ള ''റിലീഫു''കളും ചില പഴയ ക്ഷേത്ര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ങ്ങളിലുണ്ട്. വിവിധരീതികളിലുള്ള, ഭാവങ്ങളിലുള്ള ദ്വാരപാലന്മാർ പ്രത്യേകശ്രദ്ധ ആകർഷിക്കുന്നു. പല്ലവമാതൃകയോട് സാമ്യമുള്ള വികാരം പ്രദർശിപ്പിക്കുന്ന മുഖഭാവത്തോടും, ഊർജ്ജസ്വലതയോടും കൂടിയ ദ്വാരപാലന്മാർ തൃക്കലശേഖരപുരം, മൂഴിക്കുളം ഇവിടങ്ങളിലുണ്ട്. പരന്നമുഖവും ദ്വാരങ്ങളുള്ള 'കിരീട'വും വിശറി പോലെയുള്ള തലമുടിയുമുള്ള ചാലൂക്യ സമ്പ്രദായത്തിൽപ്പെട്ടവയാണ് പന്നിയൂർ, ചോകരം, അവിട്ടത്തൂർ എന്നിവിടങ്ങളിലുള്ളത്.

ചോകരം ക്ഷേത്രത്തിൽ ചെറുശില്പ്പങ്ങൾ കൊത്തിയ ഫലകങ്ങളുണ്ട്. കാളിയമർദ്ദനം, ദേവകീവാസുദേവരുടെ വിവാഹഘോഷയാത്ര, ഗോവർദ്ധനോദ്ധാരണം തുടങ്ങിയ വിഷയങ്ങളാണ് ഇവയിൽ കൈകാര്യം ചെയ്തിട്ടുള്ളത്. അതുപോലെത്തന്നെ 'ബാലുസ്ത്രേഡ്'' കളിൽ നൃത്തം, സംഗീതം ഇവയുമായി ബന്ധപ്പെട്ട രംഗങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (ഉദാ: തൃക്കൊടിത്താനം കിടങ്ങൂർ, ത്രിവിക്രമമംഗലം) ഇവയെല്ലാം തന്നെ 10-12 നൂററാണ്ടുകളിലെതാകണം.

9,10,11, നൂററാണ്ടുകളിൽ കേരളത്തിനുവെളിയിലുള്ള സമ്പ്രദായങ്ങൾ ഇവിടെ പ്രതിഷ്ഠനേടുകയും പിന്നീട് തനതായ ഒരു ശില്പശൈലി ഇവിടെ രൂപം കൊള്ളുകയും ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു.

അമ്പലപ്പുഴ കരുമാടിക്കുട്ടൻ, മാവേലിക്കരയിലെ ബുദ്ധപ്രതിമ, മരുത്തൂർകുളങ്ങര പള്ളിക്കൽ ഇവിടങ്ങളിൽ നിന്നുലഭിച്ചപ്രതിമകൾ ഇവയെല്ലാം ഒമ്പതാം നൂററാണ്ടിലെ ശില്പരചനയുടെ മാതൃകകളാണ്. (ശിവരാമമൂർത്തി 'കേരള ചരിത്ര'ത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.) ചിത്തറാളിലെ ജൈനവിഗ്രഹങ്ങളും നേരത്തെ സൂചിപ്പിച്ചതുപോലെ ഒമ്പതാം നൂററാണ്ടിലേതാണെന്ന് കരുതപ്പെടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇങ്ങനെയെല്ലാമിരിക്കെ കേരളത്തിലെ പുരാതന ക്രൈസ്തവദേവാലയങ്ങളുടെ വാസ്തുശില്പവും അവയിലുള്ള കൊത്തുപണികളും അധികമാരാലും ശ്രദ്ധിക്കപ്പെടാതെപോയതു് കഷ്ടമാണു്. പഴക്കത്തിലും, മനോഹാരിതയിലും, ആധിക്യത്തിലും വൈവിധ്യത്തിലും പള്ളികളിലെ വിവിധ മാധ്യമങ്ങളിലുള്ള കൊത്തുപണികൾ ശ്രദ്ധേയങ്ങളാണു്.

വാസ്തുശില്പവുമായി ബന്ധപ്പെട്ടും അല്ലാതെയും കരിങ്കല്ലു്, വെട്ടുകല്ലു്, മാർബിൾ, മണ്ണു്, കുമ്മായച്ചാന്തു് രം സ്വർണ്ണം, വെള്ളി ,ഓടു്, പിച്ചള, ഇരുമ്പു്, ചെമ്പു്. രത്നങ്ങൾ, തുണിത്തരങ്ങൾ, ദന്തം, കയറു്, ചിരട്ട, സ്ഫടികം, ഓല, കടലാസ് തുകൽ, മെഴുക്. ചായങ്ങൾഎന്നുവേണ്ട എല്ലാത്തരത്തിലുള്ള മാദ്ധ്യമങ്ങളും ഉപയോഗിച്ചു് പള്ളികളിൽ കലാസൃഷ്ടി നടത്തിയിട്ടുണ്ടു്. ഈപ്രബന്ധത്തിൽ ശിലാശില്പങ്ങൾ മാത്രമാണല്ലോ പരിഗണിക്കുന്നതു്. കേവലം കൗതുകത്തിന്നായി മരത്തിലും വെങ്കലത്തിലുമുള്ള ചില കലാസൃഷ്ടികൾ ഒടുവിൽവിവരിച്ചിട്ടുണ്ടു്. (അനുബന്ധ ലഘുലേഖ കാണുക)

ശിലാരേഖകൾ (ഉദാ: താഴേക്കാട്ടു് ശാസനം), ചെപ്പേടുകൾ(ഉദാ: തരിസാപ്പള്ളിശാസനങ്ങൾ). ഗ്രന്ഥവരികൾ, സഞ്ചാരികളുടെ പ്രസ്താവനകൾ ഇവയിലാണു് ആദ്യകാല പള്ളികളെക്കുറിച്ചുള്ള അറിവു് ചിതറിക്കിടക്കുന്നതു്. കേരളത്തിലെ പ്രാചീനക്രൈസ്തവ ശില്പങ്ങൾ പരിശോധിക്കുമ്പോൾ പ്രധാനമായും 1599_നു മുമ്പു് ഇവിടെയുണ്ടായിരുന്നതായി തെളിവു് ലഭിച്ചിട്ടുള്ള നൂറോളം പള്ളികളെമാത്രം കണക്കിലെടുക്കുന്നതാകും ഉചിതം. കൊയിമ്പ്രയിൽനിന്നും 1606-ൽ പ്രസിദ്ധീകരിച്ച(മെനസാസിൻെറ കൂടെ കേരള പര്യടനംനടത്തിയ)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഗ്രുവേയയുടെ 'ജോർനാദോയിൽ' നൂറോളം പള്ളികളെക്കുറിച്ചുപറയുന്നുണ്ട്. ഉദയമ്പേരൂർസൂനഹദോസിന്നുമുമ്പുള്ള ആ പള്ളികൾ ഇവയാണ് (ടിയേററ്സ്, ഇന്ത്യൻ ചച്ച് ഹിസ്റ്ററി, ലണ്ടൻ 1818 തുടങ്ങിയ രേഖകൾ നോക്കുക )

ആലപ്പുഴ, ആനക്കല്ലുങ്കൽ, ആരക്കുഴ, അതിരമ്പുഴ, അകപ്പറമ്പ്, ആലങ്ങാട്, അമ്പഴക്കാട്, അങ്കമാലി, (മൂന്നു പള്ളികൾ), ബടഗൊറെ ബടിയത്തെ, വെളിയനാട് ബെമാനിൽ, കടമററം, കടമ്പ്ര, കടനാട്ട്, കണ്ടനാട് ചാലക്കുടി കല്ലൂചിറ, കല്ലൂപ്പാറ, കല്ലൂർകാട്ട്, കൈനട, കൽപ്പറമ്പ്, കാഞ്ഞിരപ്പള്ളി, കാഞ്ഞൂർ, കരിങ്ങാച്ചിറ കാർത്യപ്പള്ളി ചാത്തന്നൂർ, കായംകുളം, വൈക്കം, ചെങ്ങന്നൂർ, ചേന്ദമംഗലം, ചേർപ്പുങ്കൽ, ചങ്ങനാശേരി, ചൊവ്വര, കടുത്തുരുത്തി, കൊടലൂർ, കടമാളൂർ, കോതമംഗലം, കൊല്ലം, കൊല്ലംചിറ, കുണ്ട കുറവിലങ്ങാട്, കൊരട്ടി, കോഴഞ്ചേരി, കോട്ടമാററിൾ, കോട്ടപ്പടി, കൊട്ടേക്കാട്ട്, ചുങ്കം കുറുപ്പംപടി, എടപ്പള്ളി, എലങ്കുയിൽ, എല്ലൂർ, ( രണ്ടു പള്ളികൾ ), ഏനമ്മാവ്, എറണാകുളം, ഈരാററുപേട്ട, മയിലക്കൊമ്പ്, മലയാററൂർ, മാമലശ്ശേരി, മണർക്കാട്. മഞ്ഞപ്ര, മററം, മാവേലിക്കര, മുതലക്കോടം, മുളന്തുരുത്തി. മൂഴിക്കുളം, മുട്ടം, മുട്ടുച്ചിറ. നാഗപ്പുഴ, നെടിയാൽ, നിരണം. നാറേമൽ ഞാറയ്ക്കൽ. ഉദയംപേരൂർ, ഓമല്ലൂർ. പൈങ്കുളം, പാലാ, പാലിക്കര, പറപ്പൂക്കര. പള്ളിപ്പുറം, പാലയൂർ. പള്ളുരുത്തി. പറപ്പൂർ. പിറവം പറൂർ, പഴുവിൽ. പെരുമററം. പുറക്കാട്ട്, പുതുപ്പള്ളി. പുളിങ്കുന്ന്, പുൻഹട, പുന്നത്തറ, പുത്തൻകാവ്. പുത്തൻചിറ, പുത്തമ്പള്ളി രാമപുരം, തെക്കൻകുളങ്ങര. തെക്കൻപറൂർ, വടക്കൻപുതുക്കാട്, തവലക്കര തിരുവിതാംകോട്, തേ ട്ടു ള്ളി തുമ്പമൺ, കടുത്തുരുത്തി വെച്ചൂർ, വരാപ്പുഴ,

marggam
Digital Library of Christianity in India
www.marggam.com



ഈ പള്ളികളിൽ ഏറ്റെല്ലാം ഒന്നാം നൂററാണ്ടിലുണ്ടായിരുന്നവയാണെന്നാണ് പാരമ്പര്യം. അവിടന്നിങ്ങോട്ട് 17-ാം നൂററാണ്ടു വരെയുള്ള എല്ലാ നൂററാണ്ടുകളിലും ആരംഭിച്ച പള്ളികളുണ്ട് ഈ പട്ടികയിൽ (വിവധരൂപതകളുടെ ഡയറക്ടറികളും കല്ലന്തേരികളും നോക്കുക.)

ഉദാഹരണത്തിന് എറണാകുളം പ്രദേശത്തെ അകപ്പറമ്പു പള്ളി 16-ാം നൂററാണ്ടിലും കടവെച്ചൂർ പള്ളി 15-ാം നൂററാണ്ടിലും കൊരട്ടിപ്പള്ളി 14-ാം നൂററാണ്ടിലും ചേന്ദമംഗലം പള്ളി 13-ാം നൂററാണ്ടിലും ചൊവ്വരപ്പള്ളി 12-ാം നൂററാണ്ടിലും കാഞ്ഞൂർപ്പള്ളി 11-ാം നൂററാണ്ടിലും വടയാർപ്പള്ളി 10-ാം നൂററാണ്ടിലും കാട്ടക്കററിപ്പള്ളി 9-ാം നൂററാണ്ടിലും മുഴിക്കളം പള്ളി 7-ാം നൂററാണ്ടിലും ഉദയമ്പേരൂർപ്പള്ളി 6-ാം നൂററാണ്ടിലും അങ്കമാലിപ്പള്ളി 5-ാം നൂററാണ്ടിലും അമ്പഴക്കാട്ടുപള്ളി 4-ാം നൂററാണ്ടിലും കോട്ടക്കാവുപള്ളി 1-ാം നൂററാണ്ടിലും ആരംഭിച്ചവയാണ്. പത്താം നൂററാണ്ടിനു മുമ്പുള്ള മുപ്പതുപള്ളികളെങ്കിലും കാണും. കേരളത്തിൽ ഇന്നുള്ളതിൽ ഏററവും പഴയ ശിലാശില്പങ്ങളിൽ ചിലതു് ഈ പള്ളികളിലാണെന്നുവരുന്നതു് അതിശയകരമല്ലല്ലൊ.

പള്ളിക്കലകളിൽ കരിങ്കൽ ശില്പങ്ങളുടെ വൈവിധ്യവും ആധിക്യവും പ്രകടമാണ്. പ്രതിമകൾ, തൂണുകൾ, റിലീഫുകൾ, ദീപങ്ങളും, ദീപസ്തംഭങ്ങളും, കൽക്കുരിശുകൾ, മാമോദീസാത്തൊട്ടികൾ, അന്നവെള്ളത്തൊട്ടികൾ, പടവുകളും, നടക്കല്ലുകളും. 'ലിൻറലു'കൾ, 'ആക്കിടാവു'കൾ, എറത്താഴ്കൾ, കുർബ്ബാനക്കല്ലുകൾ, ശവകുടീരക്കല്ലുകൾ ഇങ്ങനെ എത്രയോ ഇനങ്ങളുണ്ട്. അവയിൽപ്പലതും ശില്പരചനാവൈഭവത്തിൻെറ ഉത്തമമാതൃകകളുമാണ്. ഓരോ ഇനത്തിനുമുണ്ട് എണ്ണിയാലൊടുങ്ങാത്ത വകഭേദങ്ങൾ. നൂറു കൽക്കുരിശുകൾ (നസ്രാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ണിസ്തംഭങ്ങൾ) പരിശോധിച്ചാൽ ഒരേതരത്തിലുള്ള രണ്ടെണ്ണം കാണില്ല.

സെന്തോമസ് മൗണ്ടിലെ (മദിരാശി) ചെറിയ പള്ളിയുടെ അൾത്താരസ്ഥലങ്കാരമായ ''പെഴ്സ്യൻ'' കൽക്കുരിശ് ഒന്നാം നൂററാണ്ടിലേതന്നെ മട്ടിലാണ് 1973 ജൂലായ് 3 ന ഇന്ത്യൻ തപാൽ വകുപ്പ് അതിന്റെ ചിത്രമുൾക്കൊള്ളുന്ന തപാൽമുദ്ര പുറത്തിറക്കിയതു്. എന്നാൽ ആ കുരിശ് ആറാം നൂററാണ്ടിലേതോ ഏഴാം നൂററാണ്ടിലേതോ ആകാനാണ് സാദ്ധ്യത എന്നു് ഈ ലേഖകൻ അതേ ദിവസത്തെ 'കേരള ടൈംസിലൂടെ സ്ഥാപിയ്ക്കുകയുണ്ടായി. ഇതിനു സമമായ കോട്ടയം, ആലങ്ങാട്ട്, കടമററം തുടങ്ങിയ പള്ളികളിലെ കുരിശുകളും ഏഴാംനൂററാണ്ടിനടുത്തു് കൊത്തിയവയാകാനാണ് സാദ്ധ്യത.

മനോഹരമായ ശില്പവേല ചെയ്തിരിക്കുന്ന ഈ കുരിശുകളിലാണ് ഒരുപക്ഷേ ദേശീയപക്ഷിയായ മയിലും ദേശീയപുഷ്പമായ താമരയും നമ്മുടെ കലാവേദിയിൽ ആദ്യമായി രംഗപ്രവേശനം ചെയ്യുന്നതു്. കേരളത്തിലെ മതവിഷയപരമായ ആദ്യത്തെ കരിങ്കൽ ശില്പം കോട്ടയം വലിയ പള്ളിയിലെ ചെറിയ കരിങ്കൽക്കുരിശാണെന്നു തോന്നുന്നു. 6—7 നൂററാണ്ടുകളിലെതെന്നു കരുതപ്പെടുന്ന വേറെ ചില കുരിശുകളുടെയും മാമോദീസത്തൊട്ടികളുടെയും അവകാശവാദം തള്ളിക്കളയാൻ വൈഷമ്യമുണ്ടെങ്കിൽക്കൂടി.

ഒരുപക്ഷെ നാലാം നൂററാണ്ടുതൊട്ട്, മെനസിസ് മെത്രാൻ ആശീർവ്വദിച്ച കടുത്തുരുത്തി കൽക്കുരിശുവരെ നിരവധി നസ്രാണി സ്തംഭങ്ങൾ നൂററാണ്ടുകൾ അതിജീവിച്ച് ഇന്നും നിലകൊള്ളുന്നു. അശോകസ്തംഭങ്ങൾ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുതലായ ബൗദ്ധസ്തംഭങ്ങൾപ്പോലെത്തന്നെ പെഴ്സ്യൻ സ്വാധീനത്തിൽനിന്നുമുണ്ടായതാകണം നസ്രാണി സ്തംഭങ്ങളും, ന്യൂയോർക്കിലെ സെൻട്രൽ പാർക്കിലും, പാരീസിലെ പ്ളാസെഡിലാ കോൺകോർഡിലും, ലണ്ടനിലെ തെംസ് എംബാങ്ക്മെൻറിലും, റോമിലെ നിരവധി ദേവാലയങ്ങൾക്കു മുന്നിലും മററു ഭൂഖണ്ഡങ്ങളിലും എനിക്കു കാണാനിടയായ ഒബലിസ്ക്കുകളെല്ലാം തന്നെ നസ്രാണി സ്തംഭങ്ങൾ അസ്സിറീയൻ സ്വാധീനമുള്ള ഒബലിസ്ക്കുകളെന്ന നിഗമനത്തിനു ശക്തി കൂട്ടുന്നു. ഭീമാകാരങ്ങളായ നമ്മുടെ കരിശുകൾ ചീകിയെടുക്കുന്നരീതിയിലും ഉയർത്തിനാട്ടുന്ന രീതിയിലും എല്ലാം ക്രൈസ്തവരുടെ പേഴ്സ്യൻ ബന്ധത്തിൻെറ സ്വാധീനം കാണാൻ കഴിയും. 1348 ലെ കുരുത്തോല ഞായറാഴ്ച കൊല്ലത്തെത്തിയ മരിഞ്ഞോളിയുടെ ഓർമ്മയ്ക്കായി ഒരു സ്തംഭം നാട്ടിയതുമൂലം ''അലക്സാണ്ടറുടെ മഹത്വ''ത്തെ താൻ കവച്ചുവെച്ചു എന്നു് ആ ഫ്രാൻസിസ്കൻ വൈദികൻ അവകാശപ്പെടുന്നുണ്ട്. സപർ ഈശോയുടെ സമകാലികരെന്നു കരുതപ്പെടുന്ന സപോർപ്രോത്തുമാർ ഇത്തരം നിരവധി കരിശുകൾ നാട്ടിയതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഈജിപ്ററിലും മററും ക്ഷേത്രങ്ങളോടനുബന്ധിച്ച് ഒബലിസ്ക്കുകൾക്കുള്ള സ്ഥാനംതന്നെയാണ് പള്ളികളോടനുബന്ധിച്ച് നസ്രാണിസ്തംഭങ്ങൾക്കുമുള്ളത്. നസ്രാണിസ്തംഭങ്ങളുടെ ഉയർന്നുനില്ക്കുന്ന പീഠങ്ങൾ തെന്നിന്ത്യൻ – കേരളീയ മുറയിൽ അലങ്കരിച്ചിട്ടുണ്ട്. സൂര്യൻെറ ഒരു രശ്മിയായ ഒബലിസ്ക്കും വെളിച്ചമായ യേശുവും കോപ്ടിക്ക് വിഭാഗത്തിൽ ഹോറസിനെ പ്രതിനിധീകരിച്ചിരുന്നു – കരിശ് ക്രിസ്തുവാകുന്ന പ്രകാശത്തിൻെറ ഒരു രശ്മിയാണല്ലോ. മനുഷ്യനറിയുന്ന എല്ലാ ജീവജാലങ്ങളും പുഷ്പലതാദികളും ഒരു കരിങ്കൽക്കുരിശിലല്ലെങ്കിൽ മറെറാന്നിൽ ചിത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. ആദ്യകാല

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കുരിശുകളിൽ മയിലും മാലാഖയും താമരയുമാണ് അധികം. പിൽക്കാലത്ത് വേദപുസ്തകരംഗങ്ങളും ചിത്രീകരിക്കപ്പെട്ടുകാണുന്നുണ്ട്.

ക്രൈസ്തവകല പാശ്ചാത്യദേശങ്ങളിലല്ല, പൗരസ്ത്യദേശങ്ങളിലാണ് ഉത്ഭവിച്ചത് എന്ന സത്യം ഇത്തരുണത്തിൽ ഓർമ്മിക്കുന്നത് ഉപകാരപ്രദമായിരിക്കും, മാത്രമല്ല യഹൂദവിശ്വാസത്തിന്നനുസരിച്ച് പ്രതിമാ നിർമ്മാണത്തിൽനിന്ന് ആദ്യമാദ്യം ഒഴിഞ്ഞു നിന്നെങ്കിലും പിൽക്കാലത്ത് ചുറ്റുപാടുമുള്ള മറ്റു മതങ്ങളിലെ രീതികൾ ക്രൈസ്തവർ സ്വീകരിക്കുകയാണുണ്ടായത്. ശില്പകലയുടെ മാതാവായ ഈജിപ്റ്റും പൗരാണിക കാലത്ത് കലകളുടെ പറുദീസയായിരുന്ന പേഴ്സ്യയുമാണ് ക്രൈസ്തവ കലകൾക്കു പൊതുവെയും കേരള ക്രൈസ്തവ കലകൾക്ക് പ്രത്യേകിച്ചും മാതൃകയായത്. അശോകസ്തംഭത്തിലെ നാലു സിംഹങ്ങളേയും പിന്നെ ഭാരതത്തിൽ കണ്ടെത്തുന്നത് എടപ്പള്ളിയിലെയും കാഞ്ഞൂരിലെയും മറ്റും മാമോദീസത്തൊട്ടികളുടെ താങ്ങായിട്ടാണ്.

ഈ സെമിനാറിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള സചിത്ര ലഘുലേഖയിൽനിന്ന് മാമോദീസതൊട്ടികൾ, വിളക്കുമാടങ്ങൾ, പ്രതിമകൾ തൂണുകൾ ഇവയുടെ അലങ്കാരത്തിൽ പള്ളിക്കലാകാരൻമാരുടെ കരവിരുത് ദൃശ്യമാണല്ലോ. 593 ലെ എടപ്പള്ളിയിലെയും 440 ലെ മറ്റം പള്ളിയിലെയും 500 ലെ ഏനാമാവു പള്ളിയിലെയും എല്ലാം കരിങ്കൽ ശില്പങ്ങൾ ശ്രദ്ധേയങ്ങളത്രെ.

മരത്തിലും ലോഹത്തിലുമുള്ള പുരാതന കേരളീയ സമ്പ്രദായങ്ങളും പള്ളിക്കലകൾ നിരീക്ഷിച്ചാൽ മനസ്സിലാക്കാൻ കഴിയും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വിവിധ ഭാഷകളുടെയും ജാതി-വർഗ്ഗങ്ങളുടെയും സുന്ദരമായ ഒരു മൊസൈക്ക് ആണല്ലോ ഇന്ത്യാ-ഭാരതശില്പസൌധം കെട്ടിപ്പടുത്തിരിക്കുന്നത് പ്രദേശിക ചരിത്രക്കല്ലുകൾകൊണ്ടാണ്. രാജ്യത്തിന്റെ മുഴുവൻ ബൗദ്ധികവും സാംസ്കാരികവുമായ പൈതൃകത്തിൽ വലിയൊരളവ് തെക്കെ ഇന്ത്യയും കേരളവുമാണ് പ്രദാനംചെയ്തിട്ടുള്ളത്. ഭാരതത്തിന്റെ ചരിത്രത്തിൽ കേരളത്തിന് ഓരോ രംഗത്തുമുള്ള പ്രാധാന്യം കുറച്ചുകാണുന്ന ഒരു നയമാണ് പല ചരിത്രകാരന്മാരും, ഭരണകർത്താക്കളും, കലാനിരൂപകരും പ്രകടിപ്പിച്ചുവരുന്നത്. ഇതിന്നൊരവസാനം കാണാൻ ചരീത്രം, പുരാവസ്തുക്കൾ, സംസ്കാരം സമ്പർക്കമാധ്യമങ്ങൾ ഇവയുമായി ബന്ധപ്പെട്ട കേരളത്തിലെ സ്ഥാപനങ്ങളും വ്യക്തികളും സംഘടനകളും ഒത്തൊരുമിച്ച് നിരന്തരം പ്രയത്നിച്ചേ മതിയാകൂ.

★

## SELECT BIBLIOGRAPHY

Athappilly, Andrews: Kerala Church Architecture, p. p. 151 f., The St. Thomas Christian Encyclopaedia of India, Vol. 2, Trichur, 1973.

Fergusson, James: History of Indian and Eastern Architecture, London, 1876

James, E. J., Dr.: Thomas Christian Architecture, pp. 137 f., Thomas Encyclopaedia, vol. 2.

James E. J., Dr: Doctoral Thesis on the above, Calcutta University, 1981.

marggam
Digital Library of Christianity in India
www.marggam.com



Marshall, John: A Guide to Sanchi, Calcutta, 1918.

Menachery, George, Prof. : (Ed) The St. Thomas Christian Encylopaedia of India, Trichur Vol. 2. 1973, Vol. 1, 1982, esp. Some 300 pictures and their descriptions.

Menachery, George, Prof. : Two papers at the First World Malayalam Conference, Trivandrum, 1977 : (1) Art and Architecture of the Ancient Christiens of Malabar (2) Granite open air crosses of Kerala.

Menachery, George, Prof: Pallikalile Kala. Mathrubhoomi Weekly, March 26, 1978 with 40 pictures.

Menachery, George, Prof. : Pallikkalakalum Mattum. (collection of papers and articles from 1983 - 1983), Trichur, 1983. (With many illustrations)

Menachery, George, Prof : Guide to Christian Exhibition, First World Malayalam Conference, St. Joseph's Press, Trivandrum, 1977.

Menachery, George, Prof. : Guide to Malankara Jubilee Historical and Cultural Exhibition Kottayam 1980

Menachery, George, Prof. : Director's Report on Christian Cultural Museum of Trichur Diocese, 1980.

Narayanan, M. G. S. Dr. : Doctoral Thesis, chapter on Kerala Arehitecture and Sculpture.

Soundara Rajan, K V. Temple Architecture of Kerala, Trivandrum, 1974.

Soundara Rajan: K. V. : Art of South India : Tamil Nadu and Kerala, Delhi 1978.

Kerala Histories by K. P. P. Menon & A. Sreedhara Menon

Kerala History Assn. : "Kerala Charithram" Vols I & II

For an exhaustive Bibliography see the Thomas Encyelopaedia.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org